LIBRARY ARCHIVES Kerala Legislative Assembly

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

170 (2205) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണ സംവിധാനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നും ഇനി എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്യുവാനുണ്ടെന്നും ഇവ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

(ബി) വസ്തു കരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുമോ; ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കാമോ?

### ഉത്തരം

(എ) നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി റവന്യൂ വകുപ്പിൽനിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ പ്രോസസ്സിംഗ്&മാനേജ്മെന്റ് സിസ്റ്റമായ 'ഇ-ഓഫീസ്' നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിവരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 724 എണ്ണത്തിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇവയിൽ 531 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കികഴിഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ബാക്കിയുള്ള 940 വില്ലേജുകളിലേയും ഭൂരേഖകൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയും. വില്ലേജിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തതിനുശേഷമേ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നത് മാത്രമാണ് ഇക്കാര്യത്തിൽ പ്രായോഗികതലത്തിലുണ്ടാകുന്ന തടസ്സം.

**റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്**

171 (2206) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുംവേണ്ടി നവീന വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് (ReLIS) സംവിധാനം, ഇ-പേമെന്റ് സിസ്റ്റം, ഇ-ഓഫീസ്, ആർ.ആർ. ഓൺലൈൻ, വെർച്വൽ ഐ.ടി. കേഡർ, ഓൺലൈൻ ലാന്റ് ടാക്സ് സംവിധാനം, നാഷണൽ ലാന്റ് റിക്കോർഡ് മോഡണൈസേഷൻ പദ്ധതി, വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം (SMART വില്ലേജ് പദ്ധതി), വില്ലേജ് ഓഫീസ്-താലൂക്ക്-രൂപീകരണം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പുഴ മുതൽ പുഴ വരെ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.